**മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വക്കം ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **6** പുതിയകാവ്

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 29/11/2019**

വക്കം പഞ്ചായത്ത്**,** പുതിയകാവ് പ്രബോധിനി യുപി സ്കൂൾ

---


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോൺ നമ്പർ 0471-2724696.Email.keralasocialaudit@gmail.com


---

# ചിറയിൻകീഴ് ബ്ലോക്ക്

# വക്കം ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 06(പുതിയകാവ്)

# <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ</u>

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ 5 ന് തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 200 ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006 ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാർ ഇല്ല. സെക്ഷൻ 17(A) പ്രകാരം, പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന സ്വാതന്ത്ര്യവും പരസ്യവുമായ പരിശോധനയിക്കായാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് :

1. മണ്ണാൻ വിളാകം വിഭാഗം ബി ഖണ്ഡിക 5 പ്രകാരമുള്ള കുടുംബങ്ങളുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ.

2. പുതിയകാവ് പ്രദേശത്തെ പാട്ടകൃഷി.

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| DP/264856 | 21/06/18 | 7/08/18 | 2,50,000 | 2,00928 |
| DP/269375 | 04/10/18 | 7/12/19 | 2,50,000 | 229080 |

DP/264856 പാട്ട കൃഷി,DP/269375 മണ്ണ് ജലസംരക്ഷണം എന്നിവയുമായിബന്ധപ്പെട്ട 2 ഫയലുകൾ ആണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. വക്കം പഞ്ചായത്തിൽ 2322 പേർ തൊഴിൽ കാർഡ് എടുത്തിട്ടുള്ളതിൽ 1046 സ്ഥിര തൊഴിലാളികളാണ് ഉള്ളത്. വാർഡ് ആറിൽ 175 പേർ തൊഴിൽ കാർഡ് അടുത്തിട്ടുള്ളതിൽ 72 പേർ സ്ഥിര തൊഴിലാളികളാണ്. ഇവരിൽ ഭൂരിഭാഗം തൊഴിലാളികൾക്കും കഴിഞ്ഞവർഷം 100 പണി ലഭിക്കുകയുണ്ടായി.

DP/269375, DP/264856 എന്നീ ഫയലുകൾ പരിശോധിച്ചതിൽ നിന്നും

**ഫയൽ പരിശോധനയിൽ നിന്നും** :-

🔴കവർ പേജ്

🔴 പരിശോധിച്ച് 2 ഫയയിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

🔴 അംഗീകൃത ഷെൽഫ് വർക്കിനെ സീരിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

🔴 അസംബ്ലി നിയോജക മണ്ഡലം ഇല്ലായിരുന്നു.

🔴 വർക്ക് കാറ്റഗറിയിൽ വർക്ക് കോഡ് രേഖപ്പെടുത്തിയിരിക്കുന്നു.

🔴 സാങ്കേതിക വിദഗ്ദ്ധന്റെ പേര്, മാറ്റിന്റെ പേര്, എന്നിവ ഇല്ലായിരുന്നു .

🔴 ജിയോ ടാഗ്, അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

🔴ചെക്ക് ലിസ്റ്റ്

🔴 ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നുവെങ്കിലും. പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

🔴ആക്ഷൻപ്ലാൻ കോപ്പി ഉണ്ടായിരുന്നു

🔴ആക്ഷൻ പ്ലാനിലെയും കവർ പേജിലെയും പേര് ഒന്നായിരുന്നു.

🔴ഭരണാനുമതി ഉണ്ടായിരുന്നു.

🔴DP/264856 ലെ ഭരണാനുമതിയിൽ സെക്രട്ടറിയുടെ സീൽ ഒപ്പ് എന്നിവ - ഉണ്ടായിരുന്നെങ്കിലും ഒപ്പിനൊപ്പം തീയതി രേഖപ്പെടുത്തിയിരുന്നില്ല.

🔴DP/269375 ലെ ഭരണാനുമതിയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്,സീൽ, തീയതി എന്നിവയിലായിരുന്നു.

🔴സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

🔴 സെക്യൂറിൽ നിന്നും ലഭിച്ച കോപ്പി ആയിരുന്നു.

🔴DP/264856 ലെ സാങ്കേതിക അനുമതിയിൽ ഓവർ സിയറുടെ ഒപ്പ്, സീൽ

AE യുടെ ഒപ്പ്, സീൽ എന്നിവ ഉണ്ടായിരുന്നു. എന്നാൽ അവയ്ക്കൊപ്പം ഡേറ്റ് രേഖപ്പെടുത്തിയിരുന്നില്ല.

🔴DP/269375 ലെ സാങ്കേതികാനുമതിയിൽ ഓവർ സിയറിന്റെയും AE യുടെയും ഒപ്പ്, സീൽ തീയതി എന്നിവ ഇല്ലായിരുന്നു.

🔴എസ്റ്റിമേറ്റ്

🔴ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. ജനകീയ ഭാഷയിലായിരുന്നു.

🔴 അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റും ഡീറ്റെയിൽസ് എസ്റ്റിമേറ്റും ഉണ്ടായിരുന്നു.

🔴സാങ്കേതിക വിദഗ്ധന്റെ ഒപ്പ്, സീല് ഉണ്ട്. എന്നാൽ ഡേറ്റ് ഇല്ലായിരുന്നു.

🔴DP/264856ലെ എസ്റ്റിമേറ്റ് പ്രകാരം മണ്ണ് കയ്യാല -1, പണ കോരൽ- 10

മഴക്കുഴി-10, കമ്പോസ്റ്റ് പിറ്റ് -2, എന്നുംDP/269375 ലെ എസ്റ്റിമേറ്റ് പ്രകാരം മണ്ണ് കയ്യാല -1

പണ കോരൽ- 10, മഴക്കുഴി -10 കമ്പോസ്റ്റ്- 2 എന്നിങ്ങനെയായിരുന്നു.

🔴 ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നു.

🔴CIB 3000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

🔴CIB ലൊക്കേഷൻ ഇല്ലായിരുന്നു.

🔴തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറം ഉണ്ടായിരുന്നു.

🔴DP/264856 ഇൽ 3-ബി പ്രകാരമുള്ള1 ഡിമാൻഡ് ഫോമും DP/269375ഇൽ 3 എ പ്രകാരമുള്ള 34 ഡിമാൻഡ് ഫോമുകളും ഉണ്ടായിരുന്നു.

🔴തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഇല്ലായിരുന്നു.

🔴 മസ്റ്റർ റോൾ

🔴DP/264856 ഇൽ 18 മസ്റ്റർ റോളുകളും DP/269375ഇൽ 24 മസ്റ്റ്ർ റോളുകൾ ഉണ്ടായിരുന്നു.

🔴 രണ്ട് ഫയലുകളിലെയും മസ്റ്റർ റോളുകളിൽ എം ബുക്ക്നമ്പർ, പേജ്നമ്പർ എന്നിവ ഇല്ലായിരുന്നു.

🔴വേജ് പെർ ഡേ, എമൗണ്ട് ഡ്യൂ അക്കൗണ്ട്ടു അറ്റൻഡൻസ്, ഷാർപ്പണിങ് ചാർജ്, ടോട്ടൽ ക്യാഷ് പെയ്മെന്റ് എന്നിവയുടെ ടോട്ടൽ കോളങ്ങൾ ഒന്നുംതന്നെ രേഖപ്പെടുത്തിയിരുന്നില്ല. വെട്ടി തിരുത്തലുകൾ ഇല്ലായിരുന്നു.

🔴absent ചുവന്ന മഷി കൊണ്ടാണ് രേഖപ്പെടുത്തിയിരുന്നത്.

L

🔴DP/269375 എന്ന ഫയലിൽ മസ്റ്റർ റോൾ നമ്പർ 10 551 ബുക്ക് നമ്പർ 161 ബിന്ദു ഡെയിലി അറ്റൻഡൻസ് കോളത്തിൽ ഒപ്പിട്ട് അതിനുശേഷം വെട്ടി ഇരിക്കുന്നതായി കണ്ടു.

🔴 മസ്റ്റർ റോൾ നമ്പർ 10 551, 10 552, 10 553, 10 554 എന്നീ മസ്റ്റർ റോളുകളിൽ ചെക്ക് ചെയ്ത് ഉദ്യോഗസ്ഥന്റെ ഒപ്പ് ഇല്ലായിരുന്നു.

🔴 മസ്റ്റർ റോൾ നമ്പർ 10 553 ഇൽ ബുക്ക് നമ്പർ 68 ഗംഗ ഡെയിലി അറ്റൻഡൻസ് കോളത്തിൽ ഒപ്പിട്ട് അതിനുശേഷം വെട്ടി ഇരിക്കുന്നതായി കണ്ടു.

🔴 മസ്റ്റർ റോൾ നമ്പർ 10 555 ഡെയിലി അറ്റൻഡൻസ് കോളത്തിൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു.

🔴 മസ്റ്റർ റോൾ നമ്പർ 12 482 ബുക്ക് നമ്പർ 167 ലില്ലി 171 രാധ എന്നിവരുടെ ടോട്ടൽ അറ്റൻഡൻസ് കോളത്തിൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു.

🔴മസ്റ്റർ റോൾ നമ്പർ 10 833, 11 208, 11 207 എന്നീ മാസ്റ്റർ റോളുകൾ വെട്ടി ഇരിക്കുന്നതായി കണ്ടു

🔴 ഫയൽ ടാകിംഗ് ഫോം ഉണ്ടായിരുന്നു

🔴മൂല്യനിർണയ സാക്ഷ്യ പത്രം ഉണ്ടായിരുന്നു.

🔴 wage list ഉണ്ടായിരുന്നു.

🔴 FTO ഉണ്ടായിരുന്നു.

🔴 ത്രീ സ്റ്റേജ് ഫോട്ടോ

🔴DP/264856ഇൽ ത്രീ സ്റ്റേജ് ഫോട്ടോസ് ഇല്ലായിരുന്നു.

🔴DP/269375ഇൽ 2 സ്റ്റേജ് ഫോട്ടോസ് മാത്രമേ ഉണ്ടായിരുന്നുള്ളു.

🔴 ജിയോ ടാഗ് ഫോട്ടോ ഫയലിൽ ഇല്ലായിരുന്നു

🔴 വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

🔴 സൈറ്റ് ഡയറി

🔴DP/269375ലെ സൈറ്റ്  ഡയറിയിൽ പ്രവർത്തി സൈറ്റിൽ ആകെ ദിവസങ്ങൾ എന്നത്

രേഖപ്പെടുത്തിയിരുന്നില്ല.

🔴DP/264856 ലെ സൈറ്റ്  ഡയറിയിൽ കൺവീനറുടെ വിലാസം ഇല്ലായിരുന്നു.

🔴 ചെക്ക് ലിസ്റ്റ് കമ്പ്ലീറ്റ് ആണ്.

🔴 പ്രോജക്റ്റ് മീറ്റിങ്ങിൽ വാർഡ് മെമ്പറുടെ പേര്, ഒപ്പ് എന്നിവ ഇല്ല.

🔴 തൊഴിൽ ഉപകരണങ്ങളുടെ വാടക കമ്പ്ലീറ്റ് ചെയ്തിട്ടില്ല.

🔴 വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളുടെ പേര് ഒപ്പ് എന്നിവ

രേഖപ്പെടുത്തിയിരുന്നില്ല.

🔴 സന്ദർശന കുറിപ്പ് ഉണ്ട്( 56 ദിവസങ്ങളായി 153 പ്രവർത്തി ദിനങ്ങൾ).

🔴 മെഷർമെന്റ് ബുക്ക്

🔴 രണ്ട് ഫയലുകളിലും എം ബുക്ക് വിവരങ്ങൾ പൂർണമായിരുന്നു

🔴.മസ്റ്റർ റോൾ തുകയും എം ബുക്ക് തുകയും തുല്യമായിരുന്നു.

🔴 എം ബുക്ക് പ്രകാരം DP/264856ഇൽ മണ്ണ് കയ്യാല-1, പണ കോരൽ-2, മഴക്കുഴി-6 എന്നും

🔴DP/269375ഇൽ മണ്ണ് കയ്യാല-1, മഴക്കുഴി 8, പണ കോരൽ 8 എന്നിങ്ങനെയായിരുന്നു.

🔴 പ്രീ മെഷർമെന്റ് ഉണ്ട്

🔴മെഷർമെന്റ് ഡേറ്റ് ഉണ്ടായിരുന്നു.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-2019 കാലയളവിലെ DP/269375 മണ്ണ് ജല സംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ടു 34 തൊഴിലാളികൾ 830 ദിവസങ്ങളിലായി 9 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളാണ് പണി പൂർത്തീകരിച്ചത്. എസ്റ്റിമേറ്റ് പ്രകാരം 8 മഴകുഴി, 1 മണ്ണ് കയ്യാല, 8 പണ കോരൽ, എന്നിവയാണ് രേഖപ്പെടുത്തിയിരുന്നത്.

പരിശോധന നടത്തിയ പുരയിടങ്ങൾ:-

- ധർമപാലൻ മക്കൾ ധർമ്മ ജ്യോതി, ധർമ്മ ലത
- ധർമപാലൻ മകൻ ധർമ്മ ജ്യോതി
- രാമാനന്ദൻ മകൻ ഷാബു ഭാര്യ ധനപാലൻ മകൾ രചിത്ര
- സദാനന്ദൻ മകൻ ഷാജി
- സദാനന്ദൻ മകൾ ശ്രീജ
- കേശവൻ മകൻ ദുഷ്യന്തൻ
- രാമകൃഷ്ണൻ ചെട്ടിയാർ മകൻ അശോകൻ
- കേശവൻ മകൻ വിജയൻ
- കേശവൻ മകൻ വിജയൻ ഭാര്യ രജനേന്ദ്രിക

പുരയിടങ്ങൾ പരിശോധിച്ചതിൽ നിന്നും, മെഷർമെന്റ് ബുക്കിൽ ഉള്ളതിനേക്കാൾ മഴക്കുഴികളും വേസ്റ്റ് കുഴികളും കാണാൻ കഴിഞ്ഞു. ഫീൽഡ് പരിശോധനയിൽ 17 മഴ കുഴികളും 5 പണ കോലും 2 വേസ്റ്റ് കുഴികളും കാണാൻ സാധിച്ചു 17 കുഴികളിൽ ഒമ്പതെണ്ണം തെങ്ങിൻ തൈ നട്ട തായും ബാക്കിയുള്ള എട്ട് മഴക്കുഴികൾ ഉപയോഗപ്രദമായ രീതിയിൽ നിലനിൽക്കുന്നുണ്ടായിരുന്നു. ധർമപാലൻ മക്കൾ ധർമ്മ ജ്യോതി ധർമ്മ ലതാ എന്നിവരുടെ 60 സെന്റ് പുരയിടത്തിൽ വീണ്ടും തൊഴിലുറപ്പ് പരമായി തൊഴിൽ ചെയ്യുന്നതായി കാണാൻ കഴിഞ്ഞു. അതിനാൽ ഫയൽ പ്രകാരം ഉള്ളവർക്ക് എല്ലാം തന്നെ കാണാൻ കഴിഞ്ഞില്ല. വേസ്റ്റ് കുഴികളിൽ രണ്ടെണ്ണവും ഉപയോഗപ്രദമായ രീതിയിൽ

നിലനിൽക്കുന്നുണ്ടായിരുന്നു. പരിശോധിച്ച് പുരയിടങ്ങളിൽ ഒന്നും തന്നെ CIB ബോർഡ് ഇല്ലായിരുന്നു

DP/264856 ഇൽ പാട്ടക്ക്യഷി 30 തൊഴിലാളികൾ 728 ദിവസങ്ങളിലായി 4 സ്വകാര്യവ്യക്തികളുടെ പുരയിടത്തിലാണ് ഫയൽ പ്രകാരമുള്ള പാട്ടകൃഷി നടന്നതായി കണ്ടത്. എം ബുക്ക് പ്രകാരം മണ്ണ് കയ്യാല 1., മഴക്കുഴി, 6, പണ കോരൽ 2 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരുന്നത്.

🔴 വിശ്വനാഥൻ മകൻ പ്രകാശ് (2)

🔴 വിശ്വനാഥൻ മകൻ പ്രകാശ് ഭാര്യ പ്രഭ

🔴 വേലായുധൻ മകൾ പ്രഭ

**പുരയിടങ്ങൾ പരിശോധിച്ചതിൽ നിന്നും**

അതിൽ നെല്ല്, പച്ചക്കറി, ചേന, ചേമ്പ്, മരച്ചീനി, വാഴ, ചീര എന്നിവ ചെയ്തതായും അവ കൃഷിഭവനിൽ നിന്നും ലഭിച്ചതാണെന്നും അറിയാൻ കഴിഞ്ഞു. ഈ പുരയിടത്തിലും വിളവ് നല്ല രീതിയിൽ ലഭിച്ചു എന്നും ഭാഗികമായി പുനർകൃഷി നടക്കുന്നതായും കണ്ടു. അതിനാൽ തന്നെ എം ബുക്ക് പ്രകാരമുള്ള മഴക്കുഴികൾ കാണാൻ സാധിച്ചില്ല.

## <u>ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്</u>

- രണ്ടു തൊഴിൽ സൈറ്റുകളിൽ ആയി 46 തൊഴിലാളികളെ കാണുകയും അവരുടെ തൊഴിൽ കാർഡ് പരിശോധിക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. സോഷ്യൽ ഓഡിറ്റിങ്ങ് കുറിച്ചും സോഷ്യൽ ഓഡിറ്റ് പ്രാധാന്യത്തെക്കുറിച്ചും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യെക്കുറിച്ചും തൊഴിലാളികളോട് സംസാരിക്കുകയും അവരുടെ അവകാശങ്ങൾ, പരാതികൾ, പ്രയാസങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും**

- 🔵 രണ്ടു സൈറ്റുകളിൽ ആയി 49, 53 എന്നീ തൊഴിൽ ചെയ്തെങ്കിലും തൊഴിൽ കാർഡിൽ തൊഴിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിരുന്നില്ല.
- 🔵 ഹാജർ വിവരം ശരിയായി രേഖപ്പെടുത്തിയിരുന്നില്ല.
- 🔵 12 തൊഴിലാളികൾ തൊഴിൽകാർഡിൽ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല.
- 🔵തൊഴിൽ കാർഡിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതി കൺവീനർമാർക്ക് കൃത്യമായി അറിയില്ലായിരുന്നു.

**തൊഴിലാളികളുടെ പ്രധാന പരാതികൾ**

🔴 കൈയുറ, കാലുറ , ടാർപ്പ, കുടിവെള്ളം, പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവ വേണം.

🔴 വേതനവർധന, തൊഴിൽദിനം വർദ്ധിപ്പിക്കൽ, കൃത്യസമയത്ത് കൂലി തൊഴിൽ സമയം ചുരുക്കൽ, എന്നിവയായിരുന്നു അവരുടെ പ്രധാന ആവശ്യങ്ങൾ.

🔴 തൊഴിലുറപ്പു മായി ബന്ധപ്പെട്ട് ഉണ്ടാകുന്ന രോഗങ്ങൾക്ക് ചികിത്സയ്ക്കായി എത്തുമ്പോൾ സർക്കാർ ആശുപത്രിയിൽ നിന്നും അവഗണന ഉണ്ടാകുന്നു എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

🔴 ശമ്പളവുമായി ബന്ധപ്പെട്ട ബാങ്ക് ഇടപാടുകളിൽ തൊഴിലാളികളോട് ബാങ്ക് ഉദ്യോഗസ്ഥർ മോശമായി പെരുമാറുന്നു. പ്രായമായ അമ്മമാർക്ക് ബുക്ക് സ്വന്തമായി പതിക്കാൻ കഴിയാത്തതിനാൽ അവർ ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു.

# <u>ഗ്രാമസഭ റിപ്പോർട്ട്</u>

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

## വാർഡ് നമ്പർ :6 (പുതിയകാവ്)

## ചിറയിൻകീഴ് ബ്ലോക്ക്

## വക്കം ഗ്രാമപഞ്ചായത്ത്

**<u>അജണ്ട</u>**

**1.**ഈശ്വര പ്രാർത്ഥന (തീയതി : **29/11/2019)**

**2.**അധ്യക്ഷയെ തിരഞ്ഞെടുപ്പ്

**3.**സ്വാഗതം

**4.**റിപ്പോർട്ട് അവതരണം

**5.**ചർച്ച

**6.**തീരുമാനം

**7.**കൃതജ്ഞത

29/11/2019, വക്കം പഞ്ചായത്ത് വാർഡ് 6 പുതിയകാവ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ പ്രബോധനി യു പി സ്കൂളിൽ വെച്ച് കൂടുകയുണ്ടായി. വാർഡ് മെമ്പർ ശ്രീ മാൻ പീതാംബരൻ NREGA ഉദ്യോഗസ്ഥൻ എന്നിവർ പങ്കെടുത്തു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018 -19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയുടെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്. തൊഴിലുറപ്പുപദ്ധതിയിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ 100 ദിവസം പൂർത്തിയാക്കിയ തൊഴിലാളികളിൽ ഒരാളെ അധ്യക്ഷയായി തിരഞ്ഞെടുത്തു. അധ്യക്ഷയായി തിരഞ്ഞെടുത്തത് ശ്രീമതി സൗമ്യയെ ആയിരുന്നു തുടർന്ന് തൊഴിലാളികൾക്കുള്ള പ്രതിജ്ഞ VRP ഗോപിക ചൊല്ലിക്കൊടുത്തു. തൊഴിലാളികൾ അത്

ഏറ്റു പറഞ്ഞു. VRP വിനീഷ് സോഷ്യൽ ഓഡിറ്റ് പറ്റിയും അതിന്റെ ആവശ്യകതയെപ്പറ്റിയും 10 അവകാശങ്ങളെ കുറിച്ചും വിശദമായി പറഞ്ഞു കൊടുത്തു. തൊഴിൽ കാർഡും മസ്റ്റർ റോളും എങ്ങനെ ശരിയായ രേഖപ്പെടുത്തണമെന്നും നല്ലപോലെ സൂക്ഷിക്കണമെന്നും അവയുടെ ഉപയോഗങ്ങളെ കുറിച്ച് വിശദമായി പറഞ്ഞുകൊടുത്തു. തുടർന്ന് VRP സജിഹാ റിപ്പോർട്ട് അവതരിപ്പിച്ചു.

**ചർച്ച**

തൊഴിലാളികളിൽ ഒരാളായ ചന്ദ്രിക തൊഴിൽസമയം കുറയ്ക്കണമെന്ന് ആവശ്യപ്പെടുകയും എല്ലാ തൊഴിലാളികളും ഈ ആവശ്യം വേണം എന്ന് പറയുകയും ചെയ്തു. തൊഴിലാളിയായ ശ്രീദേവി ചെയ്തുകൊണ്ടിരിക്കുന്ന ജോലി എത്രയും വേഗം അളന്ന് തിട്ടപ്പെടുത്തണം എന്ന് അഭിപ്രായപ്പെട്ടു. അതിനു മറുപടിയായി ആസ്തി വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളാണ് തൊഴിലുറപ്പ് പരമായി നടക്കുന്നത് അതിനാൽ എപ്പോൾ വന്നാലും ചെയ്യുന്ന പ്രവർത്തനങ്ങൾ കൃത്യമായി ഉണ്ടാകണം എന്ന് ഓവർസിയർ മറുപടി പറഞ്ഞു. ജയകുമാരി എന്ന തൊഴിലാളി ജോലി ദിവസം കൂട്ടണം, ശമ്പളം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. കൺവീനറായ ലതിക കുടിവെള്ളം ടാർപ്പ, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ടു. കൃത്യസമയത്ത് ശമ്പളം ലഭിക്കണമെന്ന് തൊഴിലാളികൾ എല്ലാവരും ഒരുപോലെ അഭിപ്രായപ്പെട്ടു. തൊഴിൽ ചെയ്യാൻ കരംതീർത്ത രസീത് ലഭിക്കാൻ പാടാണെന്ന് കൺവീനറായ ശശികല പറഞ്ഞു. എല്ലാ ചോദ്യങ്ങൾക്കും ഉള്ള മറുപടി ഓവർസിയർ വൈശാഖ് സാർ പറഞ്ഞു കൊടുത്തു. തുടർന്ന് റിപ്പോർട്ട് കൈയ്യടിച്ച് പാസാക്കുകയും എല്ലാവരും ചേർന്ന് ദേശീയ ഗാനം പാടി യോഗം പിരിച്ചുവിടുകയും ചെയ്തു.

VRP ഗോപിക

VRP സജീഹാ

VRP വിനീഷ്